LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കെതിരായി ഞാൻ ഒന്നും പറഞ്ഞില്ല. കുടുംബശ്രീയുടെ സംഘടനാപരമായ ഒരു സ്വഭാവം അങ്ങേയ്ക്ക് അറിയുന്ന ഒരു കാര്യമാണെങ്കിലും ഞാൻ എൻ.ആർ.എൽ.എം.-ന്റെ പ്രവർത്തനങ്ങളുമായി ക്ലബ് ചെയ്ത് ഇവിടെ സൂചിപ്പിച്ചതാണ്. ഈ എൻ.ആർ.എൽ.എം. എന്ന് തുടങ്ങാൻ കഴിയുമെന്ന്, ഒക്ടോബർ രണ്ടിന് ഇത് ലോഞ്ച് ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞു. അന്ന് ഇത് ലോഞ്ച് ചെയ്യാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ ഇത് ആരെ ഏൽപ്പിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഇത് സംബന്ധിച്ച് ഒക്ടോബർ രണ്ടാണ് പറഞ്ഞിട്ടുള്ളത്. ഒക്ടോബർ രണ്ടിന് കേരളത്തിൽ ഉടനീളം ഇത് നടപ്പാക്കാൻ ആവശ്യമായ സംവിധാനം തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമവികസന വകുപ്പാണ് ഐ.ആർ.ഡി.പി. നേരത്തെ നടപ്പാക്കിയിരുന്നത്. അവരെ ഏൽപ്പിക്കണോ അതോ മറ്റു സംവിധാനം വേണോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു തീരുമാനത്തിൽ അടിയന്തരമായി എത്തുന്നതാണ്.

IV സബ്മിഷൻ

(1) ഇരവിപുരം വാളത്തുംഗൽ കാവുപുറംപോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം

ശ്രീ. എ. എ. അസീസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇരവിപുരം വില്ലേജിൽ വാളത്തുംഗൽ കാവുപുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി വർഷങ്ങളായി സ്ഥിരതാമസക്കാരായ പട്ടികജാതി കുടുംബങ്ങൾക്കും അല്ലാത്തവർക്കും പട്ടയം നൽകുകയും പുറംപോക്കിലുള്ള ക്ഷേത്രസ്ഥലം ക്ഷേത്രഭരണസമിതിക്ക് പതിച്ച് നൽകുകയും ബാക്കി തരിശായിട്ടുള്ള 40 സെന്റോളം സ്ഥലം അന്യാധീനപ്പെട്ടുപോകാതിരിക്കാൻ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി ആസ്ഥാന മന്ദിരം പണിയുന്നതിന് അനുവദിക്കുകയും ചെയ്യണമെന്നതാണ് എന്റെ സബ്മിഷൻ. ഇക്കാര്യത്തിൽ ജില്ലാ ഭരണകൂടം സർക്കാരിന്റെ അനുമതി തേടിയിട്ടുള്ളതാണ്.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കൊല്ലം താലൂക്കിലെ ഇരവിപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 25 -ൽ റീസർവ്വെ 533/1-ൽപ്പെട്ട 50.45 ആർ സ്ഥലം ഇ. റ്റി. ആർ. പ്രകാരം കാവുപുറംപോക്കാണ്. പ്രസ്തുത ഭൂമിയിൽ ശ്രീ. ശിവദാസൻ, കാവിൽവീട്, ഇരവിപുരം എന്നയാളിന്റെ കൈവശത്തിലുള്ള 4.05 ആർ ഭൂമിക്ക് എൽ.എ. 184/95 ആയി പട്ടയം ലഭിച്ചിട്ടുണ്ട്. ശ്രീമതി ഗീതാ കുമാരി, കാവിൽവീട്, ഇരവിപുരം എന്നയാളിന്റെ കൈവശത്തിലുള്ള 2.02 ആർ ഭൂമിക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ശ്രീമതി ലളിതയുടേയും മൂന്ന് പെൺമക്കളുടേയും കൈവശത്തിലുള്ള 4.04 ആർ ഭൂമിക്ക് കൈവശ രേഖ ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇവിടെയുള്ള

3.03 ആർ ഭൂമി ചിലർ അനധികൃതമായി മതിൽകെട്ടി കൈവശം വച്ചുവരുന്നുണ്ട്. ഇതിന്മേൽ ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ നടന്നുവരുന്നു. പതിറ്റാണ്ടുകൾ പഴക്കമുള്ള വാളത്തുംഗൽ ലക്ഷ്മീനാരായണ ക്ഷേത്രത്തിന്റെ കൈവശമുള്ള 17 ആർ സ്ഥലത്തിന്റെ ഭൂമി പതിവ് നടപടികൾ നടന്നുവരുന്നു. ഇരവിപുരം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടിയുള്ള 20.46 ആർ ഭൂമിയുടെ കൈമാറ്റ നടപടിക്ക് ശുപാർശ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

2. വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സംസ്ഥാനത്ത് ഇലക്ട്രിക് ലൈൻ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് നിരവധി മരണങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് വർഷകാലത്ത് ഇതിന്റെ തോത് വർദ്ധിക്കുന്നുണ്ട്. ഷോക്കേറ്റ് മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് കെ.എസ്.ഇ.ബി ഇപ്പോൾ 50,000 രൂപയാണ് നൽകുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. കാലവർഷക്കെടുതിയിൽ മരിക്കുന്നവരുടെ കുടുംബങ്ങൾക്കും പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ കുടുംബങ്ങൾക്കും ഒരു ലക്ഷം രൂപ വീതം നൽകുന്നുണ്ട്. ഇലക്ട്രിക് ലൈൻ പൊട്ടി വീണ് മരിക്കുന്നവരിലേറെയും പാവപ്പെട്ട ആളുകളാണ്. ഇവരുടെ കുടുംബങ്ങൾക്ക് നൽകിവരുന്ന 50,000 രൂപ യഥാർത്ഥത്തിൽ വളരെ പരിമിതമായ സംഖ്യയാണ്. അതുകൊണ്ട് ഈ നഷ്ട പരിഹാര തുക വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവരുടെ ബന്ധുക്കൾക്ക് 50,000 രൂപയാണ് ധനസഹായമായി നൽകിവരുന്നത്. വൈദ്യുതാഘാതത്തിൽ ഗുരുതരമായി പരിക്കുപറ്റി അംഗവൈകല്യം സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡ് നിശ്ചയിക്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം കണക്കിലെടുത്ത് ആനുപാതികമായി ധനസഹായം നൽകുന്നുണ്ട്. ഈ തുക വർദ്ധിപ്പിക്കണമെന്ന ബഹുമാനപ്പെട്ട ശ്രീ കെ. വി. അബ്ദുൾ ഖാദർ എം.എൽ.എ. യുടെ അഭിപ്രായം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. അപകട ഇൻഷ്വറൻസ് പദ്ധതിയുമായി യോജിപ്പിച്ചാണ് വൈദ്യുതി ബോർഡ് നിലവിൽ ധനസഹായം നൽകിവരുന്നത്. അതുകൊണ്ടുതന്നെ ധനസഹായ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതിന് ഇൻഷ്വറൻസ് സംബന്ധമായ കാര്യങ്ങൾകൂടി പരിശോധിക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് ധനസഹായ തുക വർദ്ധിപ്പിക്കുന്നകാര്യം ആലോചിക്കാൻ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെടും. ഈ പ്രശ്നം സ്ഥിരജീവനക്കാർക്ക് ബാധകമല്ല. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly